"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നത്- പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലെ ജീവനക്കാരെ താൽക്കാലികമായി ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.3/2025/CAD തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:- 1. ജി.ഒ.(പി) നം.110/2013/ധന തീയതി, 01-03-2013.

2. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 16-10-2024ലെ KSCDRC 170/2024-A നമ്പർ കത്ത്.

സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ജീവനക്കാരുടെ അപര്യാപ്തതമൂലം കാലതാമസം നേരിടുന്നുവെന്നും, മീഡിയേഷൻ സെൽ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും കേസുകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് പഴക്കമേറിയ കേസുകൾ ഉൾപ്പെടെ എത്രയുംവേഗം തീർപ്പാക്കുന്നതിന് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷന്റെ കാര്യാലയത്തിലേയ്ക്ക് രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചോ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുള്ള തസ്തികമാറ്റം വഴിയോ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി & രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേയ്ക്കായി സംസ്ഥാന കമ്മിഷൻ പ്രസിഡന്റ് ആവശ്യപ്പെട്ട പ്രകാരം രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം ആറ് മാസത്തേയ്ക്കോ, കേസുകൾ തീർപ്പാക്കുന്നതു വരെയോ (ഏതാണോ ആദ്യം വരുന്നത്) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ നിന്നും സംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മിഷനിലേയ്ക്ക് പരാമർശം (1) ലെ ഉത്തരവിൻ

പ്രകാരം താത്ക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ, തിരുവനന്തപുരം.
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സിഎ1/109/2024-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ